## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1607** **06.03.2020-ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും**

**ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മോട്ടോർ വെഹിക്കിൾ വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി ഓൺലൈൻ അപേക്ഷ നൽകുകയും പിന്നീട് പ്രിന്റ് എടുത്ത് ഓഫീസിൽ ക്യൂ നിൽക്കുകയും ചെയ്യേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | I) സാരഥി<br>1) പുതിയ ഡ്രൈവിംഗ് ലൈസൻസ്<br>2) ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ<br>3) ക്ലാസ്സ് കൂട്ടിച്ചേർക്കൽ<br>4) ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്<br>5) ലൈസൻസ് പർട്ടിക്കുലേഴ്സ്<br>II) വാഹൻ<br>1) താൽക്കാലിക രജിസ്ട്രേഷൻ<br>2) പുതിയ രജിസ്ട്രേഷൻ<br>3) നികുതി ഒടുക്കൽ<br>4) പുതിയ പെർമിറ്റ്, പുതുക്കൽ<br>5) ഉടമസ്ഥാവകാശം മാറ്റൽ<br>6) ഓൾ ഇന്ത്യാ ടൂറിസ്റ്റ് സർവ്വീസ്<br>7) ഫിനാൻസ് രേഖപ്പെടുത്തൽ/വിടുതൽ<br><br>മേൽപ്പറഞ്ഞവ വകുപ്പ് നൽകുന്ന ഏതാനും സേവനങ്ങളാണ്. ഇതിൽ I(5), II(1), II(3), II(4) എന്നീ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാണ്. ഇവർക്ക് ഫീസ് അടച്ചതിന് ശേഷം നേരിട്ട് തന്നെ ഓൺലൈൻ സേവനങ്ങൾ പൂർണ്ണമായി ലഭ്യമാകും. ഓഫീസിൽ വരേണ്ട യാതൊരു ആവശ്യവും ഇല്ല.<br>എന്നാൽ, പുതിയ ലൈസൻസിനും ക്ലാസ് കൂട്ടിച്ചേർക്കുന്നതിനും, ലേണേഴ്സ് ടെസ്റ്റിനും അപേക്ഷകൾ ഓഫീസിൽ ഹാജരാക്കണം. ഇതുപോലെ, പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിനും നിലവിൽ വാഹന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുമ്പോൾ, പഴയ ലൈസൻസ് സറണ്ടർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ അപേക്ഷകൾ ലൈസൻസിനൊപ്പം ഓഫീസിൽ എത്തിക്കേണ്ടതുണ്ട്. എന്നിരുന്നാലും, വാഹൻ സാരഥി പൂർണ്ണമാകുന്നതോടെയും, കേന്ദ്രീകൃത പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടിയും, ഇതിൽ നിന്നും പല സർവ്വീസുകളും പൂർണ്ണമായും ഓൺലൈനാകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത് ഇടനിലക്കാരുടെ ഇടപെടലിനും അഴിമതിക്കും ഇടയാക്കുമെന്നതിനാൽ മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ഓൺലൈൻ സംവിധാനമായി പരിവാഹൻ എല്ലാ ഓഫീസിലും നടപ്പിൽ വരുത്തി, വാഹനങ്ങളുടെ ഡേറ്റാ പഴയ സോഫ്റ്റ് വെയറിൽ നിന്നും വാഹനിലേക്ക് മാറ്റുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഡ്രൈവിംഗ് ലൈൻസിന്റെ ഡേറ്റാ മൂന്ന് ജില്ലകളിൽ മാറ്റപ്പെട്ടു കഴിഞ്ഞു. അടുത്ത 5-6 മാസങ്ങൾക്കുള്ളിൽ ഇത് പൂർണ്ണമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ